# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

**എസ്.എച്ച്.ജെ.യു.പി.സ്കൂൾ ഏലൂർ നോർത്ത്**

# എസ്.എച്ച്.ജെ.യു.പി.സ്കൂൾ ഏലൂർ നോർത്ത്

## വിദ്യാഭ്യാസവികസനപദ്ധതി

## സ്കൂൾ ഡവലപ്പ്മെന്റ് പ്ലാൻ 2025-26

## ആമുഖം

നീണ്ട 95 വർഷങ്ങളുടെ വിജ്ഞാനപാരമ്പര്യമുള്ള എസ്.എച്ച്.ജെ.യു.പി.സ്കൂൾ ഏലൂർ മുനിസിപ്പാലിറ്റിയിലെ രണ്ടാംവാർഡിൽ പെരിയാറിന്റെ തീരത്ത് നില കൊള്ളുന്നു. ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ധാരാളം കുട്ടികൾ വിദ്യ തേടി എത്തിയ അനേകം വിദ്യാർത്ഥികൾ ഇന്ന് ജീവിത വഴിത്താരയിൽ ഉന്നതവിജയങ്ങൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. വരാപ്പുഴ പള്ളി ഇടവകയിൽപ്പെട്ട ഏലൂരിലെ പള്ളിപ്പറമ്പ് എന്ന ചെറിയ വീട്ടിൽ 1929-മാണ്ട് ജനുവരി മാസത്തിൽ സേക്രട്ട് ഹാർട്ട് ഓഫ് ജീസസ് സ്കൂൾ മുളയെടുത്തു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ മഠം വക സ്ഥലത്ത് ഒരു ഷെഡിൽ ഒന്നും രണ്ടും ക്ലാസുകൾ ആരംഭിച്ചു. 1935 മെയ് 20ന് മൂന്നാം ക്ലാസുവരെ അനുവാദം ലഭിച്ചു. തുടർന്ന് ഈ വിദ്യാലയം അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ടു. പിന്നീടുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം അഭിമാനകരമാം വിധത്തിലാണ്.ഇന്ന് ഹെഡ്മിസ്ട്രസ്സിനെ കൂടാതെ 14 അദ്ധ്യാപകരും ഒരു പ്യൂണും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ദൈവാനുഗ്രഹത്താലും എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്താലും വളരെ ഭംഗിയായി ഈ വിദ്യാലയം മുന്നോട്ടുപോകുന്നു.

### വിദ്യാലയ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ സ്കൂൾ ഡവലപ്പ്മെന്റ് പ്ലാനിൽ വരുത്തേണ്ട മാറ്റങ്ങൾ

സ്മാർട്ട് ക്ലാസ് റൂമുകൾ നിലവിൽ കൊണ്ടുവരിക. കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുന്നതിനായി കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക, കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ഡവലപ്പ്മെന്റ് പ്ലാൻ വ്യത്യാസപ്പെടുത്താൻ തീരുമാനിച്ചു. ഇതിന് പുറമെ ആനുകാലിക മായി ചേർക്കാവുന്ന മറ്റ് പ്രവർത്തനങ്ങളും ഉൾപ്പെടുത്താനും തീരുമാനിച്ചു.

### അവധിക്കാല പരിശീലന ക്ലാസ്

ഈ അദ്ധ്യയനവർഷത്തിൽ അദ്ധ്യാപകർക്ക് ലഭിച്ച പരിശീലന ക്ലാസ് 4 ദിവസമായിരുന്നു. പാഠഭാഗങ്ങളിൽ ICT സാധ്യതകൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതായിരുന്നു എൽ.പി., യു.പി. പരിശീലന ക്ലാസുകളുടെ മുഖ്യലക്ഷ്യം. അതുപോലെതന്നെ പാഠഭാഗങ്ങൾ ഗെയിമുകളിലൂടെയും സ്കിറ്റ്, സെമിനാർ, ചർച്ചകൾ, പതിപ്പുകൾ, സയൻസ് ഗാലറി തുടങ്ങിയ നൂതന പഠന മാർഗ്ഗങ്ങളുടെ ഉപയോഗത്തിലൂടെ മികവുറ്റതാക്കാനുള്ള പരിശീലനവും ആയിരുന്നു ക്ലാസുകളിലൂടെ അധ്യാപകർക്ക് ലഭിച്ചത്.

എൽ.പി.വിഭാഗത്തിൽ പഠനഗാലറി, വണ്ടർവോൾ, വിസ്മയചുമർ, ഭാഷചാനൽ (കവിതാസമാഹാരം) തുടങ്ങിയ നൂതന മാർഗ്ഗങ്ങൾ പരിചയപ്പെടുത്തി. കൂടാതെ കുട്ടികൾക്ക് ഭാഷാപ്രാവീണ്യം നേടുന്നതിന് വേണ്ടി മുൻവർഷങ്ങളിൽ തുടങ്ങിയ ഹലോ ഇംഗ്ലീഷ് മലയാളത്തിളക്കം തുടങ്ങിയ പരിപാടികളുടെ തുടർച്ചയായുള്ള പരിശീലനം അധ്യാപകർക്ക് ലഭിച്ചു. യു.പി.വിഭാഗത്തിലും വ്യത്യസ്തമായ മാർഗങ്ങൾ അവലംബിച്ചുകൊണ്ട് പഠനം കൂടുതൽ രസകരമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതായിരുന്നു. അധ്യാപകപരിശീലനം, ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിന് ടീച്ചേഴ്സ് ടോക്ക് ഗണിത ഗാലറി ICT സാധ്യതകൾ ഉപയോഗിച്ചുള്ള പഠനതന്ത്രങ്ങൾ, ചരിത്രസംഭവങ്ങളുടെ നാടകാവിഷ്ക്കാരങ്ങൾ എന്നിവയിലൂടെ പരിശീലനം കൂടുതൽ മികച്ചതായി. കുട്ടികളുടെ അക്കാദമി നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന തരത്തിൽ നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ളതായിരുന്നു ഈ വർഷത്തെ അവധിക്കാല പരിശീലനങ്ങൾ.

പ്രതിവർഷം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവിന്/കുറവിനുള്ള കാരണങ്ങൾ ചർച്ച ചെയ്യുകയും ഇവിടെ സൂചിപ്പിക്കുകയും വേണം.

1. അടുത്തടുത്ത് സ്കൂളുകൾ

## അനുബന്ധം-1

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ | 3 വർഷത്തിൽ കൂടുതൽ പ്രവർത്തിച്ചവരുടെ എണ്ണം |
|---|---|---|---|---|
| LP | 8 | 8 | - | 4 |
| ~~UP~~ | ~~7~~ | ~~7~~ | ~~-~~ | ~~5~~ |
| | | | | |

**അധ്യാപകരുടെ പ്രത്യേക കഴിവുകൾ**

1. ശരിയായ ബോധവൽക്കരണം നൽകുന്നതിനുള്ള കഴിവ്
2. ലീഡർഷിപ്പ് പാടവം
3. കുട്ടികളെ മനസ്സിലാക്കാനുള്ള കഴിവ്
4. ശിക്ഷണ നടപടികൾ കുറച്ചുകൊണ്ട് കുട്ടികളെ നിയന്ത്രിക്കാനുള്ള കഴിവ്
5. കലാ കായിക മേളകൾക്കായി കുട്ടികളെ പരിശീലിപ്പാനുള്ള കഴിവ്
6. പ്രസംഗിക്കാനുള്ള കഴിവ്
7. പ്രശ്നക്കാരായ കുട്ടികളെ കൗൺസിലിംഗ് നൽകി നേർ വഴിയിലേക്ക് കൊണ്ടുവരാനുള്ള കഴിവ്

## കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള വിദ്യാലയ പ്രവർത്തനങ്ങൾ

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള ഈ വിദ്യാലയ പ്രവർത്തനങ്ങൾ അദ്ധ്യാപകരും മാതാപിതാക്കളും ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, പ്രവർത്തി പരിചയ പരിശീലനം, കായിക പരിശീലനം തുടങ്ങിയവയും, കൃഷിയോടുള്ള കുട്ടികളുടെ അഭിരുചി വളർത്തുന്നതിന് കാർഷിക ക്ലബിന്റെ നേതൃത്വത്തിലുള്ള പച്ചക്കറി ത്തോട്ടവും കുട്ടികളുടെ നല്ലരീതിയിൽ നിരീക്ഷണപാടവം, പ്രകൃതിസ്നേഹം എന്നിവ വർദ്ധിപ്പിക്കുന്നതിന് ശലഭ പാർക്ക് നല്ലരീതിയിൽ പ്രോത്സാഹിപ്പിച്ചുവരുന്നു. കുട്ടികൾക്ക് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് അവർ തന്നെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രയോജനപ്പെടുത്തുന്നു. വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ വളരെ ഗംഭീരമായി തന്നെ നടത്തിവരുന്നു. Rajagiri School of Social Science ന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് കൗൺസിലിംഗിനായി സൗകര്യം ഒരുക്കിയിട്ടുണ്ട്. നിയമിതയായിട്ടുള്ള Psychologist ശ്രീമതി അഖില ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നത് കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സഹായിക്കുന്നു.

സ്കൂളിൽ നടത്തിയ പഠനോത്സവം, ബാലോൽസവം എന്നിവ മികച്ച നിലവാരം പുലർത്തുന്നവയും കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിന് ഉപകരിക്കുന്ന വയുമായിരുന്നു. മാതാപിതാക്കളുടെയും നാട്ടുകാരുടെയും പിന്തുണയും പ്രോത്സാഹനവും ഈ വിദ്യാലയ പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു. സ്കൂൾ വാർഷികം സാമൂഹിക പങ്കാളിത്തം കൊണ്ട് ഏറ്റവും നന്നായി നടത്താൻ സാധിക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തിൽ അധ്യാപകർക്ക് കിട്ടിയ പരിശീലനങ്ങളായ ....ശ്രദ്ധ തുടങ്ങിയ പരിപാടികളുടെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി അക്ഷരം അറിയാത്തവരെ പഠിപ്പിക്കാൻ ഭാഷാ നൈപുണികൾ നേടാൻ വേണ്ട പ്രവർത്തനങ്ങൾ എല്ലാം അധ്യാപകരുടെ നേതൃത്വത്തിൽ തുടർന്നുകൊണ്ടു പോകുന്നു. കളമശ്ശേരി നയോജകമണ്ഡലത്തിൽ നമ്മുടെ ബഹു.വ്യവസായമന്ത്രിയായ ബഹു.പി.രാജീവ് അവർകൾ പോഷകസമൃദ്ധം പ്രഭാതം എന്ന പരിപാടി കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനും അവരുടെ പ്രഭാതങ്ങൾ ഊർജ്ജസ്വലമാക്കാനും ഉപകാരപ്പെടുന്നു.

2018 മുതൽ ഈ വിദ്യാലയയത്തിന്റെ ചുക്കാൻപിടിച്ചുകൊണ്ട് ടീച്ചേഴ്സിനും, കുട്ടികൾക്കും പ്രോത്സാഹനമായി നിൽക്കുന്ന Rev.Sr.Mariyanna യുടെ പ്രവർത്തനങ്ങൽ സ്കൂളിനെ എപ്പോഴും മികവിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

### ഒന്നാംക്ലാസ് ഒന്നാംതരമാക്കാൻ വിദ്യാലയ പ്രവർത്തനങ്ങൾ

അക്ഷരം, വാക്ക്, വാചകം (മലയാളം)

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് കൂടുതൽ പ്രാധാന്യം

ഹിന്ദി ഒന്നാംക്ലാസ് മുതൽ

മാസം ഒരു വിശിഷ്ടാതിഥി-അഭിമുഖം

## വിദ്യാലയയത്തിലെ ഭൗതീകാന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമായത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | - | 2 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 12 | ഇല്ല |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലറ്റ് | 14 | 1 |
| സുരക്ഷിതത്വവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | 4 | 2 |
| പ്രധാന അദ്ധ്യാപിക മുറി | 1 | - |
| ചുറ്റുമതിൽ/ഹരിതവേലി/മറ്റു വേലികൾ | ഉണ്ട് | - |
| കളിസ്ഥലം | ഉണ്ട് | - |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | ഉണ്ട് | - |
| അടുക്കള | ഉണ്ട് | - |

അനുബന്ധം-2

## വിദ്യാലയത്തിലെ ഐ.ടി.അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമായത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക്ക് ടോപ്പ് | 11 | 3 |
| ലാപ്ടോപ്പ് | 1 | 2 |
| പ്രോജക്ടർ | 1 | 1 |
| റേഡിയോ | 1 | - |
| വിക്ടർ ചാനലിന്റെ ലഭ്യത | ഉണ്ട് | - |
| ഡി.വി.ഡി.പ്ലയർ | 2 | - |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - |
| വിദ്യാലയത്തിന് സ്വന്തമായ വെബ്സൈറ്റ് | ഉണ്ട് | - |
| ഇ-മെയിൽ ഐ ഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് | 1 |
| ഇന്റർ ആക്ടീവ് വൈറ്റ് |  | 1 |
| ബോർഡ് |  | 2 |

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

**ശക്തികൾ**

- അർപ്പണ മനോഭാവത്തോടെയുള്ള പി.ടി.എ
- MPTA
- പൂർവ്വ വിദ്യാർത്ഥികൾ
- അദ്ധ്യാപകർ
- എസ്.എസ്.ജി
- എസ്.ആർ.ജി
- സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി

**പരിമിതികൾ**

- വാഹന സൗകര്യം ഇല്ലായ്മ
- റോഡിന്റെ വീതികുറവ്

**സാദ്ധ്യതകൾ**

പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സേവനം, ശാസ്ത്രമേളകൾ, കലോൽസവങ്ങൾ എന്നിവയിൽ പ്രയോജനപ്പെടുത്താം.

സാമൂഹിക പങ്കാളിത്തം-നിലവിലെ അവസ്ഥ

**കഴിഞ്ഞവർഷം സാമൂഹിക പങ്കാളിത്തം കൊണ്ട് സംപുഷ്ടമായ വിദ്യാലയ പ്രവർത്തനങ്ങൾ**

1. പ്രവേശനോത്സവം
2. പരിസ്ഥിതിദിനാഘോഷം
3. സ്വാതന്ത്രദിനാഘോഷം
4. ശിശുദിനാഘോഷം
5. സ്കൂൾ വാർഷികം
6. ഭക്ഷ്യമേള

**വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ വിദ്യാലയ പ്രവർത്തനങ്ങൾ**

1. കൃഷി, പച്ചക്കറിത്തോട്ടം
2. പഠനോത്സവം
3. പ്രവൃത്തി പരിചയമേള
4. ദിനാചരണങ്ങൾ
5. വിവിധ സംഘടനാ പ്രവർത്തനങ്ങൾ
6. ബാലകലോത്സവം
7. സയൻസ് എക്സിബിഷൻ
8. ജൈവ വൈവിധ്യ പാർക്ക്, ശലഭ പാർക്ക്
9. ഭക്ഷ്യമേള

**വിദ്യാലയ പാർലമെന്റ് അവരുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ**

1. സ്കൂൾ അച്ചടക്കം
2. ആഘോഷങ്ങൾക്ക് നേതൃത്വം നൽകൽ
3. ശുചിത്വം

**സാമൂഹിക കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് വേണ്ടി വിദ്യാലയം ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ**

1. പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി
2. വൃദ്ധമന്ദിരം, അഗതിമന്ദിരം, സന്ദർശനം, അവശ്യസാധനവും സാമ്പത്തികസഹായവും നൽകി
3. രോഗി സന്ദർശനം അവർക്ക് സാമ്പത്തികസഹായം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.
4. പഠനോപകരണ വിതരണം

## അനുബന്ധം 4

### സാമൂഹ്യ പങ്കാളിത്തം

- പി.ടി.എ ശാക്തീകരണം
- പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തണം
- സ്കൂൾ പ്രവർത്തനങ്ങളിൽ പി.ടി.എക്കു കൂടുതൽ പ്രാധാന്യം
- സി.പി.ടി.എ

### പൂർവ്വ വിദ്യാർത്ഥികൾ

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് അഡ്മിഷൻ, ആനിവേഴ്സറി തുടങ്ങിയ അവസരങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ പ്രവർത്തനം ഉറപ്പാക്കും.

മാസത്തിൽ ഒരു വീടു വീതം ക്ലാസ് ടീച്ചേഴ്സ് സന്ദർശിക്കും

ജാഗ്രതാ കമ്മിറ്റി അംഗങ്ങളുമായി നിരന്തര സമ്പർക്കം ഉറപ്പാക്കും.

മേളകൾ, പ്രദർശനങ്ങൾ എന്നിവയിൽ മാതാപിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.

### വിദ്യലയ പ്രവർത്തനങ്ങളെക്കുറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാട് / മനോഭാവം

1. നല്ല പഠന നിലവാരം
2. അച്ചടക്കം നിലനിർത്താൻ ശ്രദ്ധിക്കുന്നുണ്ട്
3. സ്നേഹമുള്ള അദ്ധ്യാപകരാണ്
4. നല്ല പഠനശീലം
5. സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധിക്കുന്നുണ്ട്
6. പാഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധ

### പി.ടി.എ എം.പി.ടി.എ എന്നിവയുടെ പ്രവർത്തനങ്ങൾ/സംഭാവനകൾ

1. സ്കൂളിലെ അക്കാദമികവും അനക്കാദമികവുമായ പ്രവർത്തനങ്ങളിൽ പി.ടി.എ തനതായ പങ്കാളിത്തം നിർവഹിക്കുന്നു.
2. നൂൺ ഫീഡിംഗ് ഭക്ഷണം തയ്യാറാക്കൽ എം.പി.ടി.എ എന്നിവർ ശ്രദ്ധേയമായ പങ്കു വഹിക്കുന്നു.
3. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിത്തരുന്നു.

### എസ്.എസ്.ജി., സ്കൂൾ വികസന സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ

1. സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നു.
2. പാഠ്യ പ്രവർത്തനങ്ങളിൽ വരുന്ന പ്രയാസങ്ങൾ എസ്.എസ്.ജി യിലെ റിട്ടയേർഡ് അദ്ധ്യാപകരുമായി പങ്കുവയ്ക്കുന്നു.

## അനുബന്ധം 2

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ-നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ |
|---|---|
| സബ്ജക്ട് കൗൺസിൽ | ഉണ്ട് |
| എസ്.ആർ.ജി | നടത്തുന്നുണ്ട് |
| പി.ടി.എ | നന്നായി പ്രവർത്തിക്കുന്നു |
| എം.പി.ടി.എ | സജീവമാണ് |
| എസ്.എം.സി | ഉണ്ട് |
| എസ്.എം.ജി | സജീവമാണ് |
| സ്കൂൾ വികസന സമിതി | ഉണ്ട് |
| ജാഗ്രതാ സമിതി | സജീവമാണ് |
| ക്ലബ് പ്രവർത്തനങ്ങൾ | നന്നായി പ്രവർത്തിക്കുന്നു |
| ഗണിത ക്ലാസ് | ഉണ്ട്, നന്നായി പ്രവർത്തിക്കുന്നു |
| സാമൂഹ്യ ശാസ്ത്ര ക്ലാസ് | നന്നായി പ്രവർത്തിക്കുന്നു |
| ലൈബ്രറി | ഉണ്ട് |
| ലാബ് പ്രവർത്തനങ്ങൾ | സജ്ജീകൃതമായ ലാബ് സൗകര്യം ഇല്ല |
| കമ്പ്യൂട്ടർ ലാബ് | സജീവമാണ് |
| സയൻസ് ലാബ് | പ്രത്യേക മുറിയുടെ അഭാവം കൊണ്ടുള്ള പരിമിതികളുണ്ട് |
| സാമൂഹ്യ ശാസ്ത്ര ലാബ് | പ്രത്യേക മുറിയുടെ അഭാവം കൊണ്ടുള്ള പരിമിതികളുണ്ട് |
| ഗണിത ലാബ് | പ്രത്യേക മുറിയുടെ അഭാവം കൊണ്ടുള്ള പരിമിതികളുണ്ട് |
| ലാംഗ്വേജ് ലാബ് | സജീവമാണ് |

## അനുബന്ധം 6
## വാർഷിക പ്രവർത്തന കലണ്ടർ

| ദിനാചരണം | മാസം | തിയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|---|
| പ്രവേശനോത്സവം | ജൂൺ | 02.06.2025 | ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ നവാഗതർക്ക് സ്വീകരണം, പഠനോപകരണ വിതരണം, മധുരം പങ്കിടൽ, ആശംസകൾ, റാലി | HM Trs PTA MPTA |
| | ജൂൺ | 03.06.2025 | LP പൊതുകാര്യങ്ങൾ<br>UP ലഹരി ഉപയോഗത്തിനെതിരെ | |
| | ജൂൺ | 04.06.2025 | വായനാവാരാചരണം<br>LP റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>UPസ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ<br>ട്രാഫിക് നിയമങ്ങൾ/റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം | വിദ്യാരംഗം |
| | ജൂൺ | 05.06.2025 | LPവ്യക്തിശുചിത്വം, പരിസര ശുചിത്വം ഹരിതക്യാമ്പസ്സ്, സ്കൂൾസൗന്ദര്യ വത്ക്കരണം<br>UP വ്യക്തിശുചിത്വം, പരിസര ശുചിത്വം ഹരിതക്യാമ്പസ്സ്, സ്കൂൾസൗന്ദര്യ വത്ക്കരണം | |
| | ജൂൺ | 09.06.2025 | LPആരോഗ്യം, വ്യായാമം, കായികക്ഷമത<br>UPആരോഗ്യം, വ്യായാമം, കായികക്ഷമത | |
| | ജൂൺ | 10.06.2025 | LPഡിജിറ്റൽ അച്ചടക്കം<br>UP ഡിജിറ്റൽ അച്ചടക്കം | |
| | ജൂൺ | 11.06.2025 | LPപൊതുമുതൽ സംരക്ഷണം<br>UP പൊതുമുതൽ സംരക്ഷണം | |
| | ജൂൺ | 12.06.2025 | LPപരസ്പരസഹകരണത്തിന്റെ പ്രാധാന്യം<br>UP പരസ്പരസഹകരണത്തിന്റെ പ്രാധാന്യം | |
| | ജൂൺ | 13.06.2025 | LP പൊതുക്രോഡീകരണം<br>UP പൊതുക്രോഡീകരണം | |
| ചാന്ദ്രദിനം | ജൂൺ<br>ജൂലൈ | 30.06.2025<br>21.07.2025 | വിവിധ കലാപരിപാടികൾ<br>ചാന്ദ്രദിന പതിപ്പ്-ക്വിസ്, കവിതാ രചന, ചിത്രരചന, കവിതാലാപനം, പ്രസംഗം | KCSL<br>സ്പോർട്സ് ക്ലബ്ബ് |
| ലഹരിവിരുദ്ധദിനം<br>സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | 15.08.2025 | റാലി,pluck card, poster നിർമ്മാണം<br>പതാക നിർമ്മാണമത്സരം, പതാക കളർ ചെയ്യൽ മത്സരം, ക്വിസ് | സോഷ്യൽ സയൻസ് ക്ലബ്<br>സ്കൗട്ട് ഗൈഡ |

| ദിനാചരണം | മാസം | തിയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|---|
| ശിശുദിനം | നവംബർ | 14.11.2025 | നെഹ്റു ക്വിസ്, പ്രസംഗ മത്സരം, ഫാൻസി | കബ്സ് & ബുൾ |
| ക്രിസ്മസ് സെലിബ്രേഷൻ | ഡിസംബർ | | ക്രിസ്മസ് ട്രീ മത്സരം, സ്ക്രിപ്റ്റ്, പ്രസംഗം, കരോൾ ഗാനം | കെ.സി.എസ്.എൽ |
| റിപ്പബ്ലിക് ഡേ | ജനുവരി | 26.01.2026 | പരേഡ്, പ്രസംഗമത്സരം, സ്ക്രിപ്റ്റ്,പതിപ്പ് തയ്യാറാക്കൽ, ലേഖനമത്സരം, പതാക ഉയർത്തൽ, സ്കൗട്ട് & ഗൈഡ്സ് | സ്കൗട്ട് & ഗൈഡ് |
| ശാസ്ത്രദിനം | ഫെബ്രുവരി | 28.02.2026 | വിവിധ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, കുട്ടി ശാസ്ത്രജ്ഞന്മാരെ ആദരിക്കൽ, പ്രസംഗം, ക്വിസ് | സയൻസ് ക്ലബ് |
| ആനിവേഴ്സറി | മാർച്ച് | | വിവിധ കലാപരിപാടികൾ | പി.ടി.എ |

# ഉപസംഹാരം

2025-26 അദ്ധ്യയനവർഷത്തെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ വിദ്യാലയത്തിൽ നടന്ന വിവിധ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നിർവഹിക്കാൻ സാധിച്ചു. സ്കൂൾ ഡവലപ്പ്മെന്റ് പ്ലാൻ അനുസരിച്ച് പ്ലാൻ ചെയ്തിരുന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ നടപ്പിലാക്കാൻ സാധിച്ചു എന്നത് ശ്രദ്ധേയമാണ്.ജൂൺ ഒന്നാം തിയതി നടത്തിയ പ്രവേശനോത്സവം മുതൽ എല്ലാ കാര്യങ്ങളിലും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സഹകരണം ഉറപ്പാക്കാനും സാധിച്ചു. തുടർന്ന് പരിസ്ഥിതിദിനം, വായനാദിനം, വായനാവാരം, ഹിരോഷിമ നാഗസാക്കി ദിനം, സ്വാതന്ത്ര്യദിനം, ഓണാഘോഷം, അദ്ധ്യാപകദിനം, ഗാന്ധിജയന്തി, വയോജനദിനം, ശിശുദിനം, ജനുവരി 26 (റിപ്പബ്ലിക്ദിനം) സ്കൂൾ ആനിവേഴ്സറി എന്നിവ വളരെയധികം സഹകരണത്തോടെയും വിജ്ഞാനപ്രദങ്ങളായ ഒത്തിരി പരിപാടികളോടെയും നടത്താൻ കഴിഞ്ഞു.

ഇതിന് പുറമേ പാഠ്യപ്രവർത്തനങ്ങൾ അതിന്റെ പ്രാധാന്യം ഒട്ടും നഷ്ടപ്പെടുത്താതെ മുന്നോട്ടു കൊണ്ടുപോകുവാനും അദ്ധ്യാപകർ പരമാവധി ശ്രമിക്കുകയുണ്ടായി. വരും വർഷങ്ങളിലും ഞങ്ങൾ തയ്യാറാക്കിയിട്ടുള്ള സ്കൂൾ അക്കാദമിക് ഡവലപ്പ്മെന്റ് മാസ്റ്റർ പ്ലാൻ പ്രകാരം ഏറ്റവും ഭംഗിയായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഐ.സി.ടി.സാധ്യതകൾ പൂർണ്ണമായി വിനിയോഗിച്ച് പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

ആയിരക്കണക്കിന് വിദ്യാർത്ഥികളെ വിദ്യാസമ്പന്നരാക്കി നാടിന് നൽകിയ പുരാതനമായ ഈ വിദ്യാലയം അതിന്റെ എല്ലാ പ്രൗഢിയോടുകൂടി നാട്ടിലെ തന്നെ മികച്ച വിദ്യാലയമാക്കി മാറ്റുക, ജനങ്ങളുടെ സങ്കൽപ്പത്തിനൊത്തവിധം വിദ്യാലയത്തെ ഉയർത്തിയെടുക്കുക, കുട്ടികളുടെ അക്കാദമിക് നിലവാരം അന്താരാഷ്ട്ര നിലവാരത്തി ലെത്തിക്കുക എന്നീ ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ജനസമക്ഷം സമർപ്പിക്കുന്നു.

### മികവിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

| ഹ്രസ്വകാല പദ്ധതി | മധ്യകാല പദ്ധതികൾ | ദീർഘകാല പദ്ധതികൾ |
|---|---|---|
| ലൈബ്രറി ആധുനികവൽക്കരിക്കൽ | ചിൽഡ്രൻസ് പാർക്ക് | കളിസ്ഥലം |
| ഇ ലൈബ്രറി ആധുനികവൽക്കരിക്കൽ | നവീകരണം | |
| നാടകക്കളരി | | ഗണിതലാബ് |
| പ്രതിഭാ പോഷണ പരിപാടി | ഐ.ടി.പരിശീലനം | നിരന്തരമൂല്യനിർണ്ണയം |
| പഠനയാത്രകൾ | പച്ചക്കറിത്തോട്ടം | കായികമേള |
| സെമിനാറുകൾ | സ്മാർട്ട്ക്ലാസ്റൂം നിർമ്മാണം | ഗവേഷണാത്മകമായ |
| കലാ-കായികമേള | പ്രവർത്തി പരിചയ പഠനം | പ്രവർത്തനങ്ങൾ |
| ദിനാചരണങ്ങൾ | ശാസ്ത്രാഭിരുചി വളർത്തൽ | സ്കൂൾ മാഗസിൻ |
| ഒറിഗാമി ശിൽപ്പശാല | ഡൈനിംഗ് ഹാൾ | നല്ല പാഠം പദ്ധതികൾ |
| ഭക്ഷ്യമേള | അസംബ്ലി ഹാൾ | |
| എസ്.ആർ.ജി.ശാക്തീകരണം | എന്റെ വീട്ടിലും | |
| മെഡിക്കൽ ക്യാമ്പ് | ഒരു കൃഷിത്തോട്ടം | മഴവെള്ള സംഭരണി |
| രചനാ ശിൽപശാല അഭിമുഖങ്ങൾ | | ജന്മദിനത്തിനൊരുപുസ്തകം |
| | കൃഷിത്തോട്ടം | |
| സ്കൂൾ പത്രം | ഫ്രൂട്ട് ഗാർഡൻ | മാലിന്യസംസ്ക്കരണം |
| ഗണിതോത്സവം | | പൂർവ്വവിദ്യാർത്ഥി |
| ചിത്രരചന | | സംഘടനയുടെ |
| പ്രവർത്തനം | | |
| സയൻസ് മേള | | ഭവന സന്ദർശനം |
| ബുള്ളറ്റിൻ ബോർഡ് | | |

| ഹ്രസ്വകാല പദ്ധതി | മധ്യകാല പദ്ധതികൾ | ദീർഘകാല പദ്ധതികൾ |
|---|---|---|
| പി.ടി.എ.ശക്തിപ്പെടുത്തൽ | | ഗ്രന്ഥശാലകൾ, ക്ലബുകൾ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വാധ്യാപകർ, സഹകരണസ്ഥാപന ങ്ങൾ എന്നിവയുടെ സേവനം പ്രയോജന പ്പെടുത്തൽ വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹ ത്തിന് കൂടി പ്രയോജനപ്പെടുത്തൽ |

**പദ്ധതിയുടെ വിശദാംശങ്ങൾ**

**1. ലൈബ്രറി ആധുനികവൽക്കരിക്കൽ E-Book**

പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കുട്ടികൾക്ക് നേരിട്ട് പാഠ്യവിഷയങ്ങളെ സംബന്ധിച്ച സംശയങ്ങൾ നിവാരണം ചെയ്യുന്നതിനും കൂടുതൽ അറിവ് നേടുന്നതിനും സാഹചര്യം ഒരുക്കുന്നു. കൂടുതൽ ഇ മെറ്റീരിയൽസ് ഉൾപ്പെടുത്തിക്കൊണ്ട് പഠനം രസകരമാക്കുന്നു. ആഴ്ചയിലൊരിക്കൽക്ലാസിലെ കുട്ടികൾക്ക് ബുക്ക് കൊടുത്തുവിടുന്നു. അമ്മമാർ വായിച്ചുകൊടുക്കുന്നു.കേട്ട കഥകൾ കുട്ടികൾ ക്ലാസിൽ അവതരിപ്പിച്ചിരുന്നു.

ഉദാ: Word study using computer

**2. ലബോറട്ടറി ആധുനികവൽക്കരിക്കൽ**

പഠനസാമഗ്രികൾ കൂടുതലായി കണ്ടെത്തി, ഓരോ വിഷയവും പ്രവർത്തനങ്ങളിലൂടെ സ്വയം കണ്ടെത്തി മനസിലാക്കുന്നവിധം ലാബ് വികസിപ്പിക്കുന്നു. ഓരോ ക്ലാസ് മുറികളിലും ഗണിത-സോഷ്യൽ സയൻസ് ലാബുകൾ സജ്ജമാക്കുന്നു.

**3. നാടകക്കളരി**

കുട്ടികൾ അവർ പഠിക്കുന്ന വിഷയങ്ങളായി ബന്ധപ്പെട്ട് പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണങ്ങൾ നടത്തും. ഇതിനായുള്ള സാമ്പത്തികം സ്റ്റാഫ് ഫണ്ട് വഴി കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**4. പ്രതിഭാ പോഷണ പരിപാടി**

വിവധ മേഖലകളിൽ മികവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്കായി അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ചിലവിലേക്കായി 1000 രൂപ വകയിരുത്തി യിരിക്കുന്നു. ഇത് സ്പോൺസർഷിപ്പ് വഴി കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**5. പഠനയാത്രകൾ**

ഓരോ ക്ലാസിലെയും കുട്ടികൾക്കായി പാഠഭാഗവുമായി ബന്ധമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ സമയാസമയങ്ങളിൽ സംഘടിപ്പിക്കുന്നു.ഇതിന്റെ ചിലവിലേക്കായി 1500 രൂപ വകയിരുത്തിയിരിക്കുന്നു. ഇത് സ്പോൺസർഷിപ്പ് വഴി കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**6. സെമിനാറുകൾ/അഭിമുഖങ്ങൾ**

വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തികൾ, കർഷകർ, സാഹിത്യകാരന്മാർ, ശാസ്ത്രകാരന്മാർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുമായി അഭിമുഖങ്ങളും സെമിനാറുകളും സംഘടിപ്പിക്കുന്നു. ഇതിന്റെ ചിലവിലേക്കായി 2500 രൂപ വകയിരുത്തിയിരിക്കുന്നു. ഇത് പി.ടി.എ ഫണ്ട് വഴി കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**7. കലാ-കായികമേള**

സ്കൂൾ തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കികൊണ്ട് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഇതിൽ മികവ് പുലർത്തുന്നവരെ ഉപജില്ലാ, ജില്ലാ മേഖലകളിലെ കലാ-കായികമേളകളിൽ പങ്കെടുപ്പിക്കുന്നു. ഇതിന്റെ ചിലവിലേക്കായി 5000 രൂപ വകയിരുത്തിയിരിക്കുന്നു. ഇത് സ്പോൺസർഷിപ്പിലൂടെയും സ്റ്റാഫ് ഫണ്ടിൽ നിന്നും കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**8. ദിനാചരണങ്ങൾ**

ഓരോ മാസത്തെയും പ്രധാനദിനങ്ങൾ ആഘോഷിക്കുകയും ഇതിൽ പ്രധാനപ്പെട്ട ദിനാചരണങ്ങൾ സ്കൂൾതലത്തിൽ പി.ടി.എ, എസ്.എസ്.ജി, ജനപ്രതിനിധികൾ ഇവരെ ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ചിലവിലേക്കായി പി.ടി.എ ഫണ്ടിൽ നിന്നും 1000 രൂപ വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

**9. ഭക്ഷ്യമേള**

കുട്ടികളുടെ പാചകാഭിരുചി വികസിപ്പിക്കുന്നതിനായി വിവിധ ഭക്ഷ്യമേളകൾ സംഘടിപ്പിക്കുന്നു.

**10. ഒറിഗാമി ശിൽപ്പശാല**

ജാപ്പനീസ് കലയായ ഒറിഗാമിയുടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. ഇവയുടെ പ്രദർശനം സംഘടിപ്പിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 500 രൂപ സ്പോൺസർഷിപ്പിലൂടെ വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

**11. മെഡിക്കൽ ക്യാമ്പ്**

വിദ്യാലയത്തിനടുത്തുള്ള ഹെൽത്ത് സെന്ററിന്റെയും സേവന സന്നദ്ധരായ ഡോക്ടേഴ്സിന്റെയും പ്രത്യേകിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. നല്ല പാഠം പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ രക്ഷിതാക്കൾക്കും പ്രസ്തുത ക്യാമ്പിൽ സമഗ്രമായ വൈദ്യപരിശോധന നടത്തുന്നു. ഇതിന്റെ ചെലവിലേക്കായി 5000 രൂപ സ്പോൺസർഷിപ്പിലൂടെയും പൂർവ്വവിദ്യാർത്ഥി സംഘടന വഴിയും സ്വരൂപിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**12. രചനാ ശിൽപ്പശാല**

സാഹിത്യാഭിരുചി പുലർത്തുന്ന കുട്ടികൾക്കായി വിവിധ ഭാഷയിൽ രചനാ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഇതിൽ നിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനം വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ നടത്തുന്നു. ഇതിന്റെ ചെലവിലേക്കായി 2000 രൂപ പി.ടി.എ ഫണ്ടിൽ നിന്നും സ്റ്റാഫ് ഫണ്ടിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

14. ഗണിതലാബ്

വിദ്യാലയത്തിലെ എല്ലാ ക്ലാസുകളിലെ കുട്ടികൾക്കും ഉപയോഗിക്കാവുന്നതും ഇവിടെ തന്നെ ഗണിത ക്ലാസ് നടത്തുന്നതിന് സൗകര്യപ്രദമായ ഒരു ഗണിത ലാബ് സജ്ജീകരിക്കുന്നു

15. ഗണിത അസംബ്ലി

ഗണിത പ്രാർത്ഥന, ഗണിത പ്രതിജ്ഞ, ഗണിത ചിന്ത എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഗണിത അസംബ്ലി നടത്താൻ തീരുമാനിച്ചു.**13. ഗണിതോത്സവം**

ഓരോ ക്ലാസിലെയും കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് വിവിധ ക്ലാസ് റൂം ഉൽപ്പന്നങ്ങളുടെ പ്രദർശനവും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നു. ഇതിന്റെ ചെലവിലേക്കായി 2000 രൂപ സ്പോൺസർഷിപ്പിലൂടെയും പി.ടി.എ ഫണ്ടിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

16. വളരുന്ന ഗണിതചാർട്ട്, ഗണിത നിഘണ്ടു

കുട്ടികൾക്ക് ഗണിതത്തോട് താൽപര്യം വർദ്ധിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സ്വയം വികസിപ്പിക്കുവാനും, കണ്ടെത്തലുകൾ നടത്തുവാനും ഗ്രൂപ്പ് പ്രവർത്തനമായ ഗണിതചാർട്ട് നിർമ്മാണവും, ആശയങ്ങൾ വ്യക്തമാകുന്നതിന് ഓരോ വിദ്യാർത്ഥിയും ക്ലാസ് അടിസ്ഥാനത്തിൽ ഗണിത നിഘണ്ടു നിർമിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**17. ചിത്രരചന**

ചിത്രരചനയിൽ താൽപ്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തികൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു.

**18. ശാസ്ത്രമേള**

വിവിധ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ അവർ ചെയ്ത പരീക്ഷണങ്ങളും നിർമ്മിച്ച ചാർട്ടുകളും നിർമ്മിതികളും ഉൾപ്പെടുത്തികൊണ്ടുള്ള പ്രദർശനം സംഘടിപ്പിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 1500 രൂപ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു. കുട്ടികൾക്ക് പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ലഘുപരീക്ഷണങ്ങൾ ഏർപ്പെടൽ. പാഠഭാഗങ്ങളുമായി ബനശേഖരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

**19. പി.ടി.എ.ശക്തിപ്പെടുത്തൽ**

നിലവിലുള്ള അംഗങ്ങളെ കൂടാതെ പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് പി.ടി.എ യ്ക്ക് പുതിയ രൂപം നൽകുന്നു.

**20. ബുളളറ്റിൻ ബോർഡ്**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാനും കാണുവാനും സൗകര്യപ്രദമായ ഒരിടത്ത് ബുളളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. സ്കൂളിലെ ദിനാചരണങ്ങളുടെയും പ്രവർത്തനങ്ങളുടെയും മറ്റും ഫോട്ടോകളും ഓരോ ക്ലാസിലെ കുട്ടികളുടെ മികച്ച ചിത്രരചനകളും കവിതകളും കഥകളും മറ്റും ഇതിൽ പ്രദർശിപ്പിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 1000 രൂപ സ്റ്റാഫ് ഫണ്ടിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

**21. ചിൽഡ്രൻസ് പാർക്ക് നവീകരണം**

നേഴ്സറി കുട്ടികൾക്ക് മാത്രമായ പാർക്ക് എൽ.പി.കുട്ടികൾക്ക് കൂടി പ്രയോജനമാകുന്ന വിധം വിപുലീകരിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 2,00,000 രൂപ സ്പോൺസർഷിപ്പിലൂടെ വകയിരുത്താൻ തീരുമാനിച്ചിരിക്കുന്നു.

**22. ഐ.ടി.പരിശീലനം**

സ്കൂളിലെ കുട്ടികൾക്ക് നിശ്ചിത കാലയളവിനുള്ളിൽ ഐ.ടി.പരിശീലനം സാധ്യമാക്കുന്നു.

**23. പച്ചക്കറിത്തോട്ടം**

യു.പി.ക്ലാസുകളിലെ കുട്ടികൾക്ക് വിദ്യാലയത്തിന്റെ പുറകുവശം പല ഭാഗങ്ങളായി ഭാഗിച്ചു നൽകി

**24. സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം**

അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന് മുന്നോടിയായി ഒരു ക്ലാസ് റൂം സ്മാർട്ട് ആക്കുന്നു. ആകെയുള്ള 14 ക്ലാസ് റൂമുകൾക്കായി 14X1500=21,000 രൂപ വകയിരുത്തിയിരിക്കുന്നു. ഇത് സ്പോൺസർഷിപ്പിലൂടെ ശേഖരിക്കും.

**25. പ്രവൃത്തി പരിചയ പഠനം**

കുട്ടികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി കൊടുക്കുന്നതിനായി കൗതുക വസ്തുക്കളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു. ഇതിനായി ചിലവാകുന്ന തുക സ്പോൺസർഷിപ്പിലൂടെയും സ്റ്റാഫ് ഫണ്ട് വഴിയും കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**26. ശാസ്ത്രാഭിരുചി വളർത്തൽ**

ശാസ്ത്രത്തിന്റെ ആവശ്യകത നിത്യജീവിതത്തിൽ, ശാസ്ത്രം ജനനന്മയ്ക്ക് എങ്ങനെ ഉപകരിക്കുന്നു. ഇവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.ശാസ്ത്ര തത്വം എളുപ്പം മനസ്സിലാക്കുവാൻ രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ ചെലവിലേക്കായി 2000 രൂപ സ്പോൺസർഷിപ്പിലൂടെയും പി.ടി.എ ഫണ്ടിലൂടെയും കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**27. ഡൈനിംഗ് ഹാൾ**

എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായി ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് പര്യാപ്തമാകുന്നവിധം എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ഒരു ഹാൾ 2018-19 അദ്ധ്യയനവർഷത്തോടെ നിർമ്മിക്കും. ഇതിനായി 5,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പൂർവ്വവിദ്യാർത്ഥികളിൽ നിന്നും സംഭരിക്കും.

**28. അസംബ്ലി ഹാൾ**

വിദ്യാലയത്തിന്റെ മുൻഭാഗത്തെ മുറ്റം ട്രസ്സ് വർക്ക് നടത്തി അസംബ്ലി ഹാൾ നിർമ്മിക്കുന്നു. ഇതിനായി 10,00,000 രൂപ വകയിരുത്തി. ഇത് എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ ശ്രമിക്കും.

**29. എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം**

പഞ്ചായത്തു വഴി ലഭിക്കുന്ന വിത്തുകൾ കുട്ടികൾക്കു നൽകി, അവർ വീടുകളിൽ കൃഷി നടത്തുന്നു. ഓരോ വളർച്ചാഘട്ടത്തിലെ പ്രത്യേകതകൾ നിരീക്ഷണപുസ്തകത്തിൽ രേഖപ്പെടുത്തുന്നു. വിളവെടുപ്പാകുമ്പോൾ അധ്യാപകർ വീട് സന്ദർശനത്തിലൂടെ കുട്ടി കർഷകരെ കണ്ടെത്തി ആദരിക്കുന്നു.

**30. കളിസ്ഥലം**

എല്ലാ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും പങ്കെടുക്കുവാൻ കഴിയുന്ന വിധത്തിൽ സൗകര്യപ്രദമായ കളിസ്ഥലം 2020-21 അദ്ധ്യയനവർഷത്തോടെ നിർമ്മിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 5000000 രൂപ സ്പോൺസർഷിപ്പിലൂടെയും പൂർവ്വവിദ്യാർത്ഥി സംഘടനയിൽ നിന്നും സ്വരൂപിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**31. ജൈവ-വൈവിധ്യ പാർക്ക് വിപുലീകരണം**

ജൈവ-വൈവിധ്യ പാർക്ക് കൂടുതൽ ചെടികളും-ഔഷധ സസ്യങ്ങളും ഉൾപ്പെടുത്തി വിപുലീകരിക്കും. ഇതിൽ ജൈവ-വൈവിധ്യത്തിന്റെ ഭാഗമായി പ്രാവിൻകൂടും മീൻകുളവും നിർമ്മിക്കുന്നു. ഇതിന്റെ ചെലവിലേക്കായി 50000 രൂപ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ തീരുമാനിച്ചിരിക്കുന്നു.

**32. നിരന്തര മൂല്യനിർണ്ണയം**

മിഡ് ടേം ടെസ്റ്റ്, ടേം ടെസ്റ്റ് ഇവയുടെ ഗ്രേഡ്, ക്ലാസ് പ്രവർത്തനങ്ങൾ എന്നിവ മൂല്യനിർണ്ണയം നടത്തി കുട്ടികളെ വിലയിരുത്തുന്നു. ഇതിനായി പി.ടി.എ.യുടെ സഹകരണം ഉറപ്പുവരുത്തുന്നു.

**33. കായികപഠനം**

ഈ സ്കൂളിൽ നിന്നും ഒരു കായിക താരത്തെയെങ്കിലും 2020ഓടെ വളർത്തിയെടുക്കണം. ഇതിനായി സമർത്ഥനായ ഒരു ഫുൾടൈം കായികാധ്യാപകനെ ഞങ്ങളുടെ വിദ്യാലയത്തിലേക്ക് നിയോഗി ക്കണമെന്ന ഞങ്ങളുടെ ആവശ്യം ഈ അവസരത്തിൽ മുനിസിപ്പാലിറ്റി അധികൃതർ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു.

**34. നല്ല പാഠം പദ്ധതികൾ**

സ്കൂൾ കോമ്പൗണ്ടും ക്ലാസ് മുറികളും കുട്ടികളുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ശുചീകരിക്കും. സ്കൂളിൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം നടപ്പാക്കും. നിത്യോപയോഗസാധനങ്ങൾ കുട്ടികൾ സ്വരൂപിച്ച് പാവപ്പെട്ട കുട്ടികളുടെ ഭവനങ്ങളിൽ അവർ തന്നെ എത്തിക്കുന്നു.

**35. മഴവെള്ള സംഭരണി**

മഴവെള്ളം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി സൗകര്യപ്രദമായ സ്ഥലത്ത് മഴവെള്ള സംഭരണി നിർമ്മിക്കുന്നു.

**36. ജന്മദിനത്തിനൊരു പുസ്തകം**

കുട്ടികളുടെ ജന്മദിനത്തിൽ ഒരു പുസ്തകമെങ്കിലും ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യാൻ നിർദ്ദേശിക്കുന്നു. ഇത് സ്കൂൾ അസംബ്ലിയിൽ വച്ച് ക്ലാസ് ടീച്ചറെ എൽപ്പിക്കും.

**37. മാലിന്യസംസ്ക്കരണം**

കൃഷിവകുപ്പ് വിദ്യാലയത്തിന് നൽകിയിരിക്കുന്ന ജൈവ മാലിന്യ സംസ്ക്കരണ പ്ലാന്റ് പരമാവധി ഉപയോഗിക്കും. ഇതിൽ നിന്നും ലഭ്യമാകുന്ന ബയോഗ്യാസ് പാചകാവശ്യങ്ങൾക്കായി ഉപയോഗിക്കും. Arobic-Thumboormuzhi model compost plant പരമാവധി ഉപയോഗിച്ച് മാലിന്യസംസ്ക്കരണം നടത്തുന്നു.

**38. പൂർവ്വ വിദ്യാർത്ഥി സംഘടനാ ശാക്തീകരണം**

നിലവിലുള്ള അലുംമ്നി അസോസിയേഷൻ വിപുലീകരിച്ച് അവരുടെ പ്രവർത്തനങ്ങൾ സ്കൂളിൽ സജീവമാക്കും. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിൽ പൂർവ്വവിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കും.

**39. കാർഷികമേള സംഘടിപ്പിക്കൽ**

സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ദൈവ കൃഷിയിൽ നിന്ന് ലഭ്യമാകുന്ന പച്ചക്കറികൾ, ഉച്ചഭക്ഷണത്തിന് ഉപയോഗിച്ചശേഷം ബാക്കിവരുന്നവ നാട്ടുകാർക്കായി ലഭ്യമാക്കാൻ സ്കൂൾ തലത്തിൽ കാർഷികമേള സംഘടിപ്പിക്കും. ഇതിൽ നിന്നും സ്വരൂപിക്കുന്ന പണം തുടർന്നുവരുന്ന കൃഷി ചെലവിലേക്കായി ഉപയോഗിക്കും.

ഗണിതലാബ് വികസനം, ഗണിത വർക്ക് ഷീറ്റ്, ഗണിത ക്ലബ് ശാക്തീകരണം

സംയുക്ത ഡയറി - ക്ലാസ് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ദിവസവും കുട്ടികൾ കുറിക്കുന്ന കാര്യങ്ങൾ ക്ലാസിൽ സൂക്ഷിക്കുന്നു.

സയൻസ് ലാബ് വികസനം, ശാസ്ത്ര പരീക്ഷണങ്ങൾ ശാസ്ത്ര ഉപകരണ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ

**ഭൗതിക സാഹചര്യം**

Kitchen development, Pathway tile, water filterr, fire fighting system sprinkel bath-room, well cleaning, arch, smart class room development ഓരോ കുട്ടിക്കും computer projector ഓരോ ക്ലാസിനും Play ground നവീകരണം Hockey and football team രൂപീകരണം school compound വെള്ളക്കെട്ട് നിർമ്മാർജ്ജനം

School parliament election

അക്ഷരം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ക്ലാസ് ലൈബ്രറി അക്ഷരമരം, അക്ഷര കളികൾ, വായനാമൂല മണലെഴുത്ത് സചിത്ര പാഠപുസ്തകം, പേപ്പർ കട്ടിംഗ്

**40. സർഗ്ഗവാസന വികസിപ്പിക്കാൻ**

സ്വയംരചന മത്സരങ്ങൾ, അടിക്കുറുപ്പ് മത്സരം, കഥ-കവിത രചനകൾ, വായനാകുറിപ്പ്, വിദ്യാരംഗം, കലാസാഹിത്യവേദി പ്രവർത്തനങ്ങൾ,ശില്പശാലകൾ, ബാലസഭ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്ന തിനുള്ള അവസരം ഉണ്ടാക്കുന്നു.

**41.ദിനാചരണങ്ങൾ**

അദ്ധ്യയനവർഷത്തിൽവരുന്ന വിവിധ ദിനങ്ങൾ അവയുടെ പ്രാധാന്യം മനസ്സിലാവുന്ന വിധം സമുചിതമായി ആചരിക്കുന്നു.

**42.** English, English assembly, Reading cards

**42. കായികമത്സരം**

കുട്ടികളിൽ ശാരീരികക്ഷമത വളർത്തുന്നതിനാവശ്യമായ വിവധ കളികൾ, കായികമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. പിരീഡുകൾ ഇതിനായി പ്രയോജനപ്പെടുത്തുന്നു.

**43.ഹരിതവിദ്യാലയം പദ്ധതി**

വിദ്യാലയ സമുച്ചയത്തിനുള്ളിൽ പൂർണ്ണമായും പ്ലാസ്റ്റിക് നിരോധനത്തിനുള്ള മാർഗങ്ങൾ സ്വീകരിച്ചു. കുട്ടികൾക്ക് പ്ലാസ്റ്റിക് മാലിന്യത്തിന്റെ ആധിക്യം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ നടപ്പിലാക്കും.

**44.റേഡിയോ പ്രക്ഷേപണം**

2 കുട്ടികളെ RJ ആയി തിരഞ്ഞെടുത്ത് ആഴ്ചയിൽ 2 ദിവസങ്ങളിൽ സ്കൂൾ വിശേഷങ്ങളും entertainment ഉൾപ്പെടുത്തി പ്രക്ഷേപണം നടത്തും.

**45.സ്കൂൾ വാർത്തകൾ - പത്രം**

സ്കൂൾ പ്രവർത്തനങ്ങൾ വാർത്തകളായി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഇവ കൂട്ടിച്ചേർത്ത് സ്കൂൾ പത്രം തയ്യാറാക്കും.

English language developments

story books, word puzzle, riddles puzzle

**46.തണൽ പദ്ധതി**

സ്കൂൾ പരിസരങ്ങളിൽ തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് അസംബ്ലി ഗ്രൗണ്ട് കുട്ടികൾക്ക് ആവശ്യമായ തണലേകാനുള്ള പദ്ധതി രൂപീകരിച്ചു.

**സുരേലി ഹിന്ദി**

സുരേലി ഹിന്ദിയുടെ ഭാഗമായി ഓരോ ക്ലാസിലെയും കുട്ടികളെ പങ്കെടുപ്പിച്ച് പോസ്റ്റർ മത്സരം, കവിതാലാപനം, ഹിന്ദി ബുക്കുകളുടെ പ്രദർശനം എന്നിവ നടത്താൻ തീരുമാനിച്ചു.

**ഫ്രൂട്ട് ഗാർഡൻ**

സ്കൂളിൽ ഫലവൃക്ഷങ്ങളുടെ തോട്ടം ഒരുക്കാൻ തീരുമാനിച്ചു. ഇതിന്റെ ചിലവിലേക്കുള്ള തുക സമാഹരിക്കുവാൻ രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസിനെ സമീപിക്കുകയും അവർ അത് ഏറ്റെടുക്കുകയും ചെയ്തു.

**ജന്മദിനാഘോഷം**

കുട്ടികളുടേയും അധ്യാപകരുടേയും ജന്മദിനം എല്ലാ മാസാവസാനത്തിലും സ്കൂൾ അസംബ്ലിയിൽ ഒരുമിച്ച് ആഘോഷിക്കുവാൻ തീരുമാനിച്ചു.

**ഗൃഹസന്ദർശനം**

ഓണപരീക്ഷയ്ക്ക് മുമ്പായി ഓരോ അധ്യാപകരും അവരവരുടെ ക്ലാസിലെ കുട്ടികളുടെ വീടുകൾ സന്ദർശിക്കാൻ തീരുമാനിച്ചു.

**എന്റെ ക്ലാസ്സിലെ കുട്ടിക്ക് എഴുതാനും വായിക്കാനും അറിയാം**

ഓരോ അധ്യാപകരും തങ്ങളുടെ മുന്നിലിരിക്കുന്ന കുട്ടികൾ വായിക്കാനും എഴുതാനും പ്രാപ്തരാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത ക്ലാസിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. അതിലൂടെ എല്ലാ കുട്ടികളും വായിക്കാനും എഴുതാനും പ്രാപ്തരാകുന്നു.